ങ്ങളിലും ഏകരൂപമായ പഞ്ചായത്തുഭരണം കെട്ടിയേല്പിക്കുന്നത് ആവശ്യമാണോ? ശരിയാണോ? ഏകരൂപമായ നീതിന്യായ വ്യവസ്ഥ, ഏകരൂപമായ വിദ്യാഭ്യാസം, ഏകരൂപമായ നികുതിസമ്പ്രദായം—അങ്ങനെ മററു പല കാര്യങ്ങളിലും ഐകരൂപ്യം ആകാമെങ്കിൽ പഞ്ചായത്തു സമ്പ്രദായത്തിൽ മാത്രം ഐകരൂപ്യം എന്തുകൊണ്ട് നാം വർജിക്കണം?

# 15. ഇന്ത്യയുടെ സൈന്യശക്തി

‘വൈവിധ്യാത്മകതയാണ് ഇന്ത്യയെന്ന രാഷ്ട്രത്തിന്റെ സവിശേഷത. പക്ഷേ, വൈവിധ്യാത്മകതയിൽ കലാപസാധ്യതകൾ ഒളിഞ്ഞിരിക്കുന്നു. രാഷ്ട്രത്തിനകത്തുള്ള പല ദുശ്ശക്തികൾ, ചിലപ്പോൾ പുറത്തുനിന്നു പ്രേരണയും പ്രോത്സാഹനവും ഉൾക്കൊണ്ട്, കലാപസന്ദർഭങ്ങളെ ഗുരുതരങ്ങളാക്കാനും രാഷ്ട്രത്തിന്റെ അടിസ്ഥാനപരമായ ഐക്യത്തെ തകർക്കാനും പ്രയത്നിക്കുന്നു. സമാധാനത്തിലേക്കുള്ള മുന്നേററം ആശാവഹമെങ്കിലും തെന്നേഷ്യൻ പ്രദേശത്തും ഇന്ത്യാ ഉപഭൂഖണ്ഡത്തിലും സംഘർഷസാധ്യതകൾ ഏറെയുണ്ട്. ഈ സാഹചര്യത്തിൽ, കൂടുതൽ മികച്ച വിമാനങ്ങളും മിസൈലുകളും, ആക്രമണം മുൻകൂട്ടി പ്രവചിക്കാനുള്ള സംവിധാനങ്ങളും, ഇലക്ട്രോണിക് യുദ്ധോപകരണങ്ങളും, ഉപഗ്രഹ–നിരീക്ഷണ–വാർത്താവിതരണസംവിധാനങ്ങളും, മററു പലതരം ആക്രമണ–പ്രതിരോധ–ക്ഷമതകളും, നമ്മുടെ രാഷ്ട്രം നേടി നിലനിർത്തേണ്ടിയിരിക്കുന്നു. സാമ്പത്തികാഭിവൃദ്ധിയേയും വിഭവങ്ങളുടെ ലഭ്യതയേയും ആശ്രയിച്ചേ ഇതെല്ലാം നേടാൻ നമുക്കു കഴിയൂ. എങ്കിലും രാഷ്ട്രത്തിന്റെ സുരക്ഷയ്ക്കു മററ് എന്തിനെക്കാളും മുൻഗണന നാം നല്കണം. രാഷ്ട്രരക്ഷയെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ള ഏതെങ്കിലും കാര്യം അവഗണിക്കപ്പെടുന്നുണ്ടെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ, അതു തെററാണ്.’

‘രാഷ്ട്രത്തിന്റെ സുരക്ഷയും വിമാനസേനയും’ എന്ന വിഷയത്തെപ്പററി എയർഫോഴ്സ് അസോസിയേഷൻ 1989 ഏപ്രിൽ 1–ാം തീയതി ദില്ലിയിൽ സംഘടിപ്പിച്ച ‘ഒരു സെമിനാർ ഉദ്ഘാടനംചെയ്തുകൊണ്ട് ഇന്ത്യയുടെ രാജ്യരക്ഷാമന്ത്രി ശ്രീ കെ. സി. പന്ത് പറഞ്ഞ വാക്യങ്ങളാണ് മുകളിൽ ഉദ്ധരിച്ചത്.

രാജ്യത്തിനുള്ളിൽ ക്രമസമാധാനങ്ങൾ നിലനിർത്തേണ്ടതു പോലീസിന്റെ ബാദ്ധ്യതയാണ്. പുറമെനിന്നുള്ള ആക്രമണങ്ങളെ അതിർത്തികളിൽ വെച്ചു തടയുകയാണ് സൈന്യത്തിന്റെ പ്രധാനമായ ചുമതല. ചില സന്ദർഭങ്ങളിൽ ഏററവും നല്ല പ്രതിരക്ഷ ആക്രമണമായേക്കാം; അപ്പോൾ അതിർത്തി ലംഘിച്ച് ആക്രമണം നടത്തുന്നതും സൈന്യത്തിന്റെ കർത്തവ്യമായേക്കും. പോലീസിനു നിയന്ത്രിക്കാനാവാത്ത ആഭ്യന്തരകലാപങ്ങളെ അമർച്ചചെയ്യുന്നതിനും, ആപദ്ധർമം എന്ന നിലയിൽ, സൈന്യങ്ങളെ ഉപയോഗപ്പെടുത്താറുണ്ട്. സൈന്യത്തിന്റെ ന്യായസംഗതങ്ങളായ പ്രവർത്തനമേഖലകൾ ഇവയാണ്, ഇവ മാത്രമാണ്. അയൽരാഷ്ട്രത്തിന്റെ ആഭ്യന്തരകലാപങ്ങളിൽ കൈകടത്തുകയോ അതിർത്തി ലംഘിച്ച് അയൽരാജ്യത്തേക്കു കടക്കുകയോചെയ്യുന്ന സൈന്യത്തെ ഒരു ഭീഷണിയായേ മററു രാജ്യക്കാർ കാണുകയുള്ളു.

ശ്രീലങ്കയിലെ പ്രസിഡണ്ട് ആയിരുന്ന ജയവർദ്ധനെയും ഇന്ത്യയിലെ പ്രധാനമന്ത്രി രാജീവ്ഗാന്ധിയും 1987 ജൂലൈ 29–ാം തീയതി കൊളംബോ നഗരത്തിൽ ഒപ്പുവെച്ച ഒരു കരാർ അനുസരിച്ച്, തമിഴ് ഭൂരിപക്ഷ ജില്ലകളിലുള്ള ആഭ്യന്തരകലാപം അമർച്ചചെയ്യുന്നതിന് ഇന്ത്യൻ സൈന്യം ശ്രീലങ്കയിൽ ചെന്നിറങ്ങുകയുണ്ടായി. ഈ കലാപം ഇനിയും കെട്ടടങ്ങിയിട്ടില്ല; ഇപ്പോഴും ഒരു ലക്ഷത്തോളം ഇന്ത്യൻ സൈനികർ ശ്രീലങ്കയിലുണ്ട്.

മാലദ്വീപിലെ പ്രസിഡണ്ട് മൗമൂൺ അബ്ദുൽ ഗയൂമിനെതിരെ ഏതാനും കൂലിപ്പട്ടാളക്കാർ 1988 നവംബറിൽ കലാപം ആരംഭിച്ചപ്പോൾ, പ്രസിഡണ്ട് ഗയൂമിന്റെ അഭ്യർത്ഥന സ്വീകരിച്ച് ഇന്ത്യൻ സേനയുടെ ഒരു ചെറിയ വിഭാഗം 'മാലെ'യിൽ ചെന്നിറങ്ങി; മൂന്ന് ദിവസങ്ങൾക്കകം കലാപം പൂർണമായി കെട്ടടങ്ങുകയും ചെയ്തു.

ശ്രീലങ്കയിലെയും മാലദ്വീപുകളിലെയും ഭരണത്തലവന്മാരുടെ അഭ്യർത്ഥ നയനുസരിച്ച്, ആ സുഹൃദ്-രാഷ്ട്രങ്ങളോടുള്ള ബാദ്ധ്യത നിറവേററുന്നതിനാ ണെങ്കിലും, സ്വന്തം അതിർത്തികൾക്ക പുറത്ത് ഇന്ത്യൻ സൈന്യം നടത്തിയ ഈ പ്രവർത്തനങ്ങളെ മററ് അയൽരാഷ്ട്രങ്ങൾ ആശങ്കയോടെ നിരീക്ഷിച്ചാൽ അതിൽ അത്ഭുതം ഇല്ല.

'ഉയർന്നുവരുന്ന മഹാശക്തി' എന്ന മുഖലേഖനത്തിൽ, 1989 ഏപ്രിൽ 3-ാം തീയതിയിലെ 'ടൈം' വാരിക എഴുതി:

'മഹാത്മാഗാന്ധിയുടെ സമാധാനസന്ദേശത്തോട് ആദരവ് ഇപ്പോഴും പ്രഖ്യാപിക്കുന്ന ഇന്ത്യ അതിവേഗത്തിൽ ഒരു ആഗോള സൈന്യശക്തിയായി മാറിക്കൊണ്ടിരിക്കയാണോ? 'അതെ' എന്നാണ് ഉറച്ച ഉത്തരം. ഇന്ത്യയുടെ രാജ്യരക്ഷാ ബജററ് 1980-കളിൽ ഇരട്ടിച്ചു. വർദ്ധിച്ച ഈ ചെലവു താങ്ങാൻ ഇന്ത്യാ ഗവണ്മെൻറിനു കഴിവില്ലാതായിരിക്കുന്നു. ഈയിടെ പാർലമെൻറിൽ അവതരിപ്പിച്ച 1988-89-ലെ ബജററിൽ സൈനികച്ചെലവു കഴിഞ്ഞ ആണ്ടി ലെ അതേ തുകയിൽ മരവിപ്പിച്ചു നിർത്തിയിരിക്കുകയാണ്. ഔദ്യോഗിക മായി എണ്ണൂററമ്പതു കോടി ഡോളറോളമാണ് ഇന്ത്യ ബജററിൽ രാജ്യരക്ഷയ്ക്കാ യി നീക്കിവെച്ചിട്ടുള്ളത്. എന്നാൽ, മറഞ്ഞിരിക്കുന്നവയും, പുനർവർഗീകരി ച്ചവയും, താഴ്ന്നവില നൽകുന്നവയുമായ ഇനങ്ങൾ കൂട്ടിച്ചേർത്താൽ, ഇന്ത്യയുടെ സൈനികച്ചെലവ് ആയിരത്തി ഒരുനൂറു കോടി ഡോളറോളം ഉയരും.

'1986 മുതൽ, ലോകത്തിൽ ഏററവുമധികം ആയുധം ഇറക്കുമതിചെയ്യുന്ന രാഷ്ട്രം ഇന്ത്യയാണ്. 1987-ൽ ഇന്ത്യ മറുനാടുകളിൽനിന്ന് അഞ്ഞൂററിരുപതു കോടി ഡോളർ വിലയുള്ള ആയുധം വാങ്ങി. ഇത് ആ ആണ്ടിൽ ഇറാനും ഇറാക്കും ചേർന്നു മറുനാടുകളിൽനിന്ന് ആയുധം വാങ്ങാൻ ചെലവഴിച്ച തുകയേ ക്കാൾ കൂടുതലായിരുന്നു. ആ ആണ്ടിൽ ആയുധങ്ങൾ വാങ്ങാൻ പാകിസ്ഥാൻ ചെലവാക്കിയ തുകയുടെ പന്ത്രണ്ട് ഇരട്ടി ആയിരുന്നു ഇത്. മറുനാടുകളിൽനിന്ന് ആയുധം ഇറക്കുമതി ചെയ്യാൻ വിദേശനാണ്യം നേടുന്നതിനായി, ഇന്ത്യ ലോക-ആയുധച്ചന്തയിൽ ഒരു കയററുമതിക്കാരനെന്ന നിലയിൽ പ്രവേശിക്കാൻ ഒരുങ്ങും കൂട്ടുകയാണ്.

'1982-നു ശേഷം ഇന്ത്യയുടെ സൈനിക-ഗവേഷണച്ചെലവു നാലിരട്ടി യായി വർദ്ധിച്ചിട്ടുണ്ടെന്നത് അർത്ഥഗർഭമാകുന്നു. സാങ്കേതികമായി ഏററവും പുതിയ തരത്തിൽപ്പെട്ട ഒരു ലഘു-യുദ്ധ-വിമാനം (ലൈററ് കോംബററ് എയർ ക്രാഫ്ററ്) നിർമിക്കാൻ പല ശതകോടി ഡോളർ ചെലവുവരുന്ന ഒരു പദ്ധതിയിൽ ഇന്ത്യ പണം വാരിക്കോരി ചെലവഴിക്കുന്നു. അണു-ആയുധങ്ങ ളും മിസൈലുകളും നിർമിക്കുന്ന പരിപാടികളിൽ ഇന്ത്യൻ ശാസ്ത്രജ്ഞരും എൻജി നീയർമാരും മുഴുകിയിരിക്കുന്നു. ഇന്ത്യൻ വിമാനസേനയിൽ പതിമൂന്നു ലക്ഷത്തി അറുപത്തീരായിരം ആളുകളുണ്ട്. ലോകത്തിൽ നാലാമത്തെ വലിയ വിമാന പ്പടയാണ് അത് (സോവിയററ് യൂണിയൻ: 50,96,000 ആളുകൾ; ചൈന: 32,00,000 ആളുകൾ; അമേരിക്ക: 21,63,200 ആളുകൾ). മുങ്ങിക്കപ്പലുകൾക്കും, മുപ്പതിനായിരം ടൺ കേവു ഭാരമുണ്ടാകുമെന്ന് ഉദ്ദേശിക്കപ്പെടുന്ന ഒരു വിമാന വാഹിനിക്കപ്പലിനും, ആഫ്രിക്കയിലും ആസ്ട്രേലിയയിലു വരെ പറന്നു നിരീ ക്ഷണം നടത്താവുന്ന ദീർഘദൂരവിമാനങ്ങൾക്കുമായി ഒരു വലിയ തുറമുഖം (സൂപ്പർ പോർട്ട്) കർണാടകത്തിൽ തയ്യാറായി വരുന്നു. കരസൈന്യത്തിൽ ഇപ്പോഴുള്ള മുപ്പത്തിനാലു ഡിവിഷനുകൾക്ക പുറമെ, എൺപതിനായിരം, പട

യാളികളെ ഉൾക്കൊള്ളുന്ന നാലു ഡിവിഷനുകൾകൂടി പുതുതായി ചേർക്കുകയാണ്.'

1971-ലെ ഇന്ത്യ-പാകിസ്ഥാൻ-യുദ്ധത്തിനുശേഷം തെന്നേഷ്യയിൽ ഇന്ത്യൻ സൈനികമേധാവിത്വം (ഹെജിമണി) സ്ഥാപിതമായെന്നും പിന്നീടിങ്ങോട്ട് ഇന്ത്യയുടെ പട്ടാളശക്തി നിരന്തരമായി വർദ്ധിക്കുകയാണെന്നും 'ടൈം' വാരിക തുടർന്നു പറയുന്നു. പാകിസ്ഥാൻെറ ഒരു യുദ്ധവിമാനത്തിൻെറ സ്ഥാനത്തു് ഇപ്പോൾ ഇന്ത്യയിൽ അഞ്ചു യുദ്ധവിമാനങ്ങളുണ്ട്. 1970-കളിലും 1980-കളിലും ചൈനയിൽനിന്ന് ഒരു ഭീഷണിയും ഇന്ത്യക്കുണ്ടായിട്ടില്ല. ഇക്കഴിഞ്ഞ ഡിസംബറിനുശേഷം പ്രധാനമന്ത്രി രാജീവ്ഗാന്ധി ബെയ്ജിങ്ങും ഇസ്ലാമാബാദും സന്ദർശിച്ചു. ചൈനയും പാകിസ്ഥാനുമായി ഇന്ത്യയുടെ ബന്ധങ്ങൾ മെച്ചപ്പെട്ടുവരികയാണെന്ന് പ്രഖ്യാപിക്കപ്പെട്ടിട്ടുമുണ്ട്. പക്ഷേ, അതുകൊണ്ട് ഇന്ത്യയുടെ സൈന്യ-സജ്ജീകരണത്തിൽ കുറവൊന്നും വന്നിട്ടില്ല. 'ഇന്ത്യൻ സൈന്യ_സജ്ജീകരണത്തിന് അതിന്റേതായ ഗതിവേഗം കൈവന്നിരിക്കുന്നു; സ്വന്തം സൈന്യശക്തിയെ ന്യായീകരിക്കാൻ ഭീഷണികളും യുക്തികളും കണ്ടെത്തുന്നതിനു് ഇന്ത്യ നിർബന്ധിതമായിക്കൊണ്ടിരിക്കുകയാണ്.'

ഇന്ത്യയുടെ കടൽപ്പട ശക്തിയാർജിക്കുന്നതിനെ ഇന്ത്യാസമുദ്രത്തിലെ മററു രാഷ്ട്രങ്ങൾ സംശയത്തോടെ വീക്ഷിക്കുകയെന്നതു സ്വാഭാവികമാണ്. അണുശക്തികൊണ്ട് പ്രവർത്തിക്കുന്ന ഒരു മുങ്ങിക്കപ്പൽ ഇന്ത്യ വാടകയ്ക്കെടുത്തതും, സോവിയററ് യൂണിയനിൽനിന്നു ദീർഘദൂരം പറക്കുന്ന വിമാനങ്ങൾ ഇന്ത്യ വാങ്ങിയതും ആസ്ത്രേലിയൻ പാർലമെൻറിൽ ചർച്ചാവിഷയമായി. ഇന്ത്യയുടെ സൈനിക ലക്ഷ്യങ്ങൾ എന്താവാമെന്നതിൽ ഇൻഡോനേഷ്യൻ സൈനിക നേതൃത്വത്തിനുമുണ്ട് ആശങ്ക.

ഒരു വൻശക്തിയായി അംഗീകരിക്കപ്പെടാനുള്ള ആഗ്രഹമാണ് ഇന്ത്യയുടെ സൈന്യശക്തിവർദ്ധനത്തിനു പിന്നിലുള്ളതെന്ന് 'ടൈം' വാരിക കരുതുന്നു. എൺപത്തൊന്നു കോടിയിലധികം ജനങ്ങളുണ്ടെങ്കിലും (ഇതു ലോകജനസംഖ്യയുടെ ആറിലൊന്നോളമാണ്) ഇന്ത്യ ഇപ്പോഴും അന്ധവിശ്വാസങ്ങളിൽ മുഴുകിയ ഒരു ദാരിദ്രരാജ്യമാണെന്നത്രെ പാശ്ചാത്യരുടെ ധാരണ. ആ ധാരണ, ഭാഗികമായി ശരിയുമാണ്. എന്നാൽ, തങ്ങളുടെ രാഷ്ട്രത്തിന് അന്താരാഷ്ട്രീയ അംഗീകാരം ലഭിക്കണമെന്നു നിർബന്ധമുള്ളവരും ആത്മവിശ്വാസശാലികളും യോഗ്യരുമായ എൻജിനീയർമാർ, ശാസ്ത്രജ്ഞർ, സൈനിക-ഉദ്യോഗസ്ഥർ, സീനിയർ സിവിൽ ഉദ്യോഗസ്ഥർ എന്നിവർ നയിക്കുന്ന മറെറാരു ഇന്ത്യയുമുണ്ട്. ഈ രണ്ട് ഇന്ത്യകളും പരസ്പരം തിരക്കുകയും അന്യോന്യം യോജിക്കാത്ത പ്രതിബിംബങ്ങൾ സൃഷ്ടിക്കുകയുംചെയ്യുന്നു. ഓരോന്നിനും പത്തു കോടി ഡോളർ ചെലവു വരുന്ന, പടിഞ്ഞാറെ ജർമനി രൂപകല്പനചെയ്ത, രണ്ട് അതിശക്തങ്ങളായ മുങ്ങിക്കപ്പലുകൾ നിർമിക്കാൻ വേണ്ട പ്രത്യേകമായ വെൽഡിങ് വൈദഗ്ദ്ധ്യം ബോംബെയിലെ മാസഗോൺ ഡോക്കിലെ നൂറുകണക്കിനു തൊഴിലാളികൾക്കും സാങ്കേതികവിദഗ്ദ്ധർക്കും കൈവന്നിട്ടുണ്ട്. ഈ ഡോക്കിൻെറ ഗെയ്ററിനു പുറത്തുള്ള ചേരിയിൽ കട്ടിക്കടലാസ്സുകൊണ്ടുള്ള കൂരകൾക്കു താഴെ ദരിദ്രകുടുംബങ്ങൾ പുലരുകയും ചീഞ്ഞ കുപ്പകളിൽ മൃഗങ്ങൾ ഇര തേടുകയുംചെയ്യുന്നു.

വിമാനം, മുങ്ങിക്കപ്പൽ എന്നിവ നിർമിക്കുന്നതിന് സോവിയററ് യൂനിയനും പടിഞ്ഞാറേ യൂറോപ്പിലെ രാഷ്ട്രങ്ങളും അമേരിക്കയും ഇന്ത്യക്കു നൽകുന്ന സാങ്കേതിക സഹകരണം വിവരിച്ച ശേഷം 'ടൈം' തുടരുന്നു:

'പക്ഷേ, ഇന്ത്യയുടെ അണു_ആയുധ-നിർമാണ പരിപാടിയും മിസ്സൈൽ നിർമാണ പരിപാടിയും വിദേശീയരുടെ ദൃഷ്ടിയിൽനിന്നു മറയ്ക്കപ്പെട്ടിരിക്കുന്നു. അണു-ആയുധങ്ങളുടെ ഘടകങ്ങൾ ഇന്ത്യ തയ്യാറാക്കിവച്ചിട്ടുണ്ട്. അവ കൂട്ടിയിണക്കാനുള്ള പ്രത്യേക സംഘം ജോലിക്കാരും തയ്യാറായിരിക്കുന്നു. വേണമെങ്കിൽ ഒററ രാത്രികൊണ്ട് ഇന്ത്യക്ക് ഒരു അണുബോംബ് ഉണ്ടാക്കാൻ കഴിയുമെന്ന്, പ്രധാനമന്ത്രിയോട് അടുപ്പമുള്ള ഒരു ഉദ്യോഗസ്ഥൻ അവകാശപ്പെടുകയു

ണ്ടായി. എന്നാൽ, 1986-ൽ രാജീവ്ഗാന്ധി പറഞ്ഞത് അണു–ആയുധങ്ങൾ പ്രയോഗസജ്ജങ്ങളാക്കാൻ ഇന്ത്യക്ക് ഏതാനും ആഴ്ചകളിലേറെ വേണ്ടിവന്നേക്കാമെന്നാണ്. പാകിസ്ഥാൻ രഹസ്യമായി നടത്തുന്ന അണു–ആയുധ നിർമാണശ്രമം അടുത്ത ചില വർഷങ്ങളിൽ കൂടുതൽ ലോകശ്രദ്ധ ആകർഷിക്കുകയുണ്ടായി. ഇന്ത്യയുടെ അണു–ആയുധ നിർമാണപരിപാടി പാകിസ്ഥാന്റേതിനെക്കാൾ എത്രയോ പുരോഗമിച്ചിട്ടുണ്ടെന്നാണ് എല്ലാവരുടെയും ഊഹം. ആറമ്പതു മൈൽ ദൂരം പോകാവുന്നതും രണ്ടായിരത്തിലേറെ റാത്തൽ കനം ചുമക്കാവുന്നതുമായ 'പൃഥ്വി' എന്ന റോക്കററ് 1988 ഫെബ്രുവരിയിൽ ഇന്ത്യ വിജയകരമായി വിക്ഷേപിച്ചു. അണുബോംബ് പ്രയോഗിക്കാൻ ഈ റോക്കററ് ധാരാളം മതിയാവും'. പാകിസ്ഥാന്റെ മിസൈൽകഴിവ് ഇന്ത്യയോളമില്ലെന്ന് 'ടൈം' തുടർന്നു പ്രസ്താവിക്കുന്നു. ആയിരത്തഞ്ഞൂറുമുതൽ മൂവായിരം വരെ മൈൽ അകലേക്കു വിട്ടയയ്ക്കാവുന്ന മിസ്സൈലുകളുടെ നിർമാണവും ഇന്ത്യ പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

പാകിസ്ഥാന് അമേരിക്ക അഞ്ചു വർഷംകൊണ്ട് നൽകുന്ന ആയുധങ്ങളുടെ വിലയ്ക്കു തുല്യമാണ് 1986-ൽ സ്വീഡനിൽനിന്നു ബോഫോഴ്സ് തോക്കുകൾ വാങ്ങുന്നതിന് ഇന്ത്യ നൽകുന്ന വില (ആററിരുപ്പത്തു കോടി ഡോളർ) എന്ന് 'ടൈം' ചൂണ്ടിക്കാണിക്കുന്നു.

ഇന്ത്യയുടെ സുരക്ഷയെപ്പററി വളരെ കുറച്ചു മാത്രം ചർച്ചയേ ഇന്ത്യക്കകത്തു നടക്കുന്നുള്ളുവെന്ന് 'ടൈം' പ്രസ്താവിക്കുന്നു. ഇന്ത്യാ വൻകരയിലെ സൈന്യശക്തി സന്തുലനത്തെപ്പററി മിക്ക ഭാരതീയരും മനസ്സിലാക്കിയിട്ടില്ല. ലോകത്തിൽവച്ച് ഏററവുമധികം ആയുധം ഇറക്കുമതിചെയ്യുന്ന രാഷ്ട്രം ഇന്ത്യയാണെന്ന അറിവ് ഇന്ത്യക്കാരെ നടുക്കുമെന്ന് 'ടൈം' തുടരുന്നു.

അമേരിക്കൻ സൈനികർക്കുവേണ്ടി 1985-ൽ പ്രസിദ്ധീകരിച്ച 'ഇന്ത്യ: രാജ്യത്തിന്റെ ഒരു പഠനം' (India: A Country Study–1985) എന്ന പുസ്തകത്തിൽ, 1985-ലെ ഇന്ത്യയുടെ യുദ്ധതന്ത്ര പരിപ്രേക്ഷ്യത്തെപ്പററി പറയുന്ന ചില കാര്യങ്ങൾകൂടി ഈ സന്ദർഭത്തിൽ പരിഗണിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യലാഭത്തിനുശേഷം ചില പരിണാമങ്ങൾ വന്നിട്ടുണ്ടെങ്കിലും, ഇന്ത്യക്കു തന്നെപ്പററിയും, ദക്ഷിണേഷ്യൻ പ്രദേശത്തെപ്പററിയും, 'ലോകരാഷ്ട്രീയസ്ഥിതിയെപ്പററിയുമുള്ള ധാരണകൾ ഏറെക്കുറെ സ്ഥിരങ്ങളാണെന്ന് ഈ പുസ്തകത്തിൽ പറയുന്നു. ദാരിദ്ര്യമെന്ന പ്രശ്നം എത്രതന്നെ ഗുരുതരമാണെങ്കിലും, ലോകത്തിലെ ഏററവും വലിയ രാഷ്ട്രങ്ങളിലൊന്നാകാനുള്ള സാദ്ധ്യത ഇന്ത്യക്കുണ്ടെന്നതാണ് ഈ ധാരണകളിലൊന്ന്. ഇന്ത്യ ഒരു വലിയ സൈനികശക്തിയാണെന്ന അംഗീകാരം നേടുക ദേശീയാഭിമാനത്തിന്റെ ഒരു പ്രശ്നമായി കരുതപ്പെടുന്നു. പല രാജ്യങ്ങളും വളരെ താമസിച്ചുമാത്രമേ ഈ അംഗീകാരം ഇന്ത്യക്കു നൽകിയുള്ളു എന്ന വസ്തുത ഇന്ത്യയിൽ വലിയ നിരാശാബോധം ഉളവാക്കിയിട്ടുണ്ട്.

ഇന്ത്യൻ വൻകര ഒരൊററ ഭൂരാഷ്ട്രതന്ത്രഘടകം ആണെന്നും ഈ ഘടകത്തിനകത്തു വലിപ്പം, ജനസംഖ്യ, പ്രകൃതിവിഭവങ്ങൾ, വ്യവസായങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഇന്ത്യക്കു മേധാവിത്വം ഉണ്ടെന്നതുമാണ് ഇന്ത്യൻ യുദ്ധതന്ത്ര–പരിപ്രേക്ഷ്യത്തിന്റെ മറെറാരു അടിസ്ഥാന ധാരണ. അതിനാൽ ഇന്ത്യൻ ഭൂഖണ്ഡത്തിലാകെ കുഴപ്പങ്ങൾക്കെതിരെ ഇന്ത്യ നിലകൊള്ളേണ്ടതാവശ്യമാണ് എന്ന് ഇന്ത്യക്കാർ കരുതുന്നു.

ചേരിചേരായ്മയിലുള്ള വിശ്വാസവും വൻശക്തിമത്സരത്തിലുള്ള അവിശ്വാസവുമാണ് ഇന്ത്യൻ യുദ്ധതന്ത്രപരിപ്രേക്ഷ്യത്തിന്റെ മറെറാരു അടിസ്ഥാന ഘടകം. പുറമേയുള്ള വൻശക്തികൾ ഇന്ത്യൻ ഭൂഖണ്ഡത്തിലിടപെടുന്നത് ഇവിടത്തെ കുഴപ്പങ്ങളെ വർദ്ധിപ്പിക്കാൻ മാത്രമേ ഉതകൂ. ഈ ധാരണ നിമിത്തമാണ്, തെക്കൻ ഏഷ്യയിലെ ഏതെങ്കിലും രാഷ്ട്രത്തിന്റെ ആഭ്യന്തര സുരക്ഷിതത്വത്തിൽ ഇന്ത്യ ഇടപെടുകയില്ലെന്നും, അതേസമയം മറെറാരു രാഷ്ട്രം അങ്ങ

നെ ഇടപെടുന്നതു് ഇന്ത്യ പൊറുക്കുകയില്ലെന്നും, ഈ പ്രദേശത്തു് ഏതെങ്കിലു മൊരു രാഷ്ട്രത്തിനു സ്വന്തം സുരക്ഷിതത്വത്തിനായി മറ്റൊരു രാഷ്ട്രത്തിന്റെ സഹായം ആവശ്യമെന്നുവന്നാൽ ഈ പ്രദേശത്തുനിന്നു്, മുഖ്യമായും ഇന്ത്യയിൽ നിന്നു്, അത്തരം സഹായം തേടണമെന്നു് 1980–കളിൽ ഇന്ത്യ പ്രഖ്യാപിച്ചു്. മറ്റു രാഷ്ട്രങ്ങൾ ഈ പ്രദേശത്തു് ഇടപെടുന്നതു് ഇന്ത്യയുടെ സുരക്ഷയെ ബാധിക്കു മെന്ന ധാരണയോടൊപ്പം, പ്രാദേശികപ്രശ്നങ്ങൾ പരിഹരിക്കുന്നതിനു് ഇന്ത്യയ്ക്കു കഴിവുണ്ടെന്ന ആത്മവിശ്വാസത്തെയും ഈ നയം വ്യക്തമാക്കുന്നുണ്ടു്.

ഇന്ത്യയുടെയും ഇന്ത്യൻ ഭൂഖണ്ഡത്തിലെ മറ്റു രാഷ്ട്രങ്ങളുടെയും ആഭ്യന്തര സുരക്ഷിതത്വം സംബന്ധിച്ചു് ഇന്ത്യയുടെ നയം എന്തായിരിക്കണം? സൈനി കാവശ്യങ്ങൾക്കായി ഇന്ത്യാ ഗവണ്മെന്റ് ആവശ്യത്തിലേറെ പണം ചെലവ ഴിക്കുന്നുണ്ടോ? ആയുധങ്ങൾ നിർമിച്ചു മറ്റു രാഷ്ട്രങ്ങൾക്കു വിൽക്കാനുള്ള ഇന്ത്യ യുടെ തീരുമാനം തെറ്റോ ശരിയോ? ആയുധങ്ങളെ നവീകരിക്കുന്നതിനും ആയുധനിർമാണത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ഇന്ത്യ നടത്തുന്ന ശ്രമങ്ങൾ ശരിയായ വഴിക്കുള്ളവതന്നെയോ? അണ്വായുധങ്ങളും ദീർഘദൂര മിസൈലുകളും വികസിപ്പിക്കുന്നതിനുള്ള ഇന്ത്യയുടെ വെമ്പൽ ന്യായീകരിക്കാവു ന്നതാണോ? സ്വതന്ത്ര-ഇന്ത്യയുടെ സൈന്യശക്തി വിപുലീകരണപരിപാടികൾ നമ്മുടെ രാഷ്ട്രീയപാരമ്പര്യവുമായി പൊരുത്തപ്പെടുന്നവയാണോ?

ഇത്തരം പ്രശ്നങ്ങളെപ്പറ്റി, ഉദ്ബുദ്ധവും ആദർശാനുപ്രാണിതവും അതേ സമയം യാഥാർത്ഥ്യാധിഷ്ഠിതവുമായ തുറന്ന ചർച്ച ഇന്ത്യൻ പാർലമെന്റിലും പുറത്തും തുടർന്നു നടക്കേണ്ടതാവശ്യമാണു്. ഈ രംഗത്തു പിഴച്ച ഒരു കാൽവെ പ്പിനു ദൂരവ്യാപകങ്ങളായ ദുഷ്ഫലങ്ങളുണ്ടാവും. രാഷ്ട്രത്തിന്റെ ദീർഘകാല താല്പര്യങ്ങളെ അതു ബാധിക്കുകയുംചെയ്യും. നങ്ങൾക്കു് എത്രമാത്രം സൈന്യ ശക്തി വേണമെന്നും ആ ശക്തി എങ്ങനെ ഉപയോഗപ്പെടുത്തണമെന്നും ജനാധി പത്യവ്യവസ്ഥിതിയിൽ, തീരുമാനിക്കേണ്ടതു ജനങ്ങളാണു്. ഈ വക കാര്യ ങ്ങളെപ്പറ്റി ശരിയായ കാഴ്ചപ്പാടു ജനങ്ങൾ വളർത്തിയെടുക്കുകതന്നെ വേണം. എങ്കിൽ മാത്രമേ നമ്മുടെ ജനാധിപത്യം സുരക്ഷിതമായിരിക്കുകയുള്ളു.

## 16. ബോഫോഴ്സ് അപവാദം

1984 നവംബറിൽ ശ്രീ രാജീവ്ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിപദം ഏറ്റെടു ത്തു് അധികം താമസിയാതെ ഇന്ത്യൻ കരസേനയിലേക്കു് ആയിരത്തി എഴുനൂറു കോടി രൂപ വില വരുന്ന പീരങ്കികൾ സ്വീഡനിലെ ബോഫോഴ്സ് കമ്പനി യിൽനിന്നു വാങ്ങാനുള്ള ആലോചന ഇന്ത്യാഗവണ്മെന്റ് ആരംഭിച്ചു. ബോഫോഴ്സ് കമ്പനിക്കു പുറമെ, 'സോഫ്മ' എന്ന ഒരു ഫ്രഞ്ച് കമ്പനിയും ആവശ്യമുള്ള പീരങ്കികൾ ഇന്ത്യയ്ക്കു വിൽക്കാൻ തയ്യാറായിരുന്നു. രണ്ടു കമ്പനി കളുടെയും പീരങ്കികളുടെ പ്രവർത്തനം നേരിട്ടു പരിശോധിച്ചശേഷം സൈന്യ കേന്ദ്രകാര്യാലയത്തിൽനിന്നു് 1985 സെപ്റ്റംബർ 14-ാം തീയതി രാജ്യരക്ഷാ മന്ത്രാലയത്തിലേക്കു് അയച്ച ഒരു റിപ്പോർട്ടിൽ ബോഫോഴ്സ് പീരങ്കികളെ ക്കാൾ മേന്മ സോഫ്മ പീരങ്കികൾക്കാണെന്നു് അസന്ദിഗ്ധമായി പ്രസ്താവി ച്ചിരുന്നു. തുടർന്നു് ബോഫോഴ്സ്, സോഫ്മ എന്ന രണ്ടു കമ്പനികളുമായും പീരങ്കിയിടപാടുസംബന്ധിച്ച വാണിജ്യപരവും സാങ്കേതികവുമായ പ്രശ്നങ്ങളും ഈ കമ്പനികളുടെ സഹകരണത്തോടെ പീരങ്കികളും വെടിക്കോപ്പുകളും ഇന്ത്യ യിൽ നിർമിക്കുന്നതു സംബന്ധിച്ച പ്രശ്നങ്ങളും ചർച്ചചെയ്യുന്നതിനായി മൂന്നു വർക്കിങ് ഗ്രൂപ്പുകളെ രാജ്യരക്ഷാ മന്ത്രാലയം നിയമിച്ചു.